# മംഗലവാർത്തകാലം

## വചന വിചിന്തനം

### മംഗലവാർത്തകാലം ഒന്നാം ഞായർ

**ലൂക്കാ 1,1-25**

> **സഖറിയ പഠിപ്പിക്കുന്ന വലിയ പാഠങ്ങളിലൊന്ന്, "ജീവിതത്തിന്റെ സഹനങ്ങളിൽ, സങ്കടങ്ങളിൽ അഭയം തേടേണ്ടത് കർത്താവിന്റെ അൾത്താരയിൽ ആണെന്നാണ്!" തകർന്ന ഹൃദയവുമായി അൾത്താരയെ അഭയശിലയാക്കിയ സഖറിയ അനുഗ്രഹങ്ങൾകൊണ്ട് സമ്പന്നനാകുന്നു.**

ദൈവത്തെ തള്ളിപ്പറയാനും തട്ടിത്തെറിപ്പിക്കാനും കാരണമുണ്ടായിരുന്നിട്ടും സഖറിയ ദൈവത്തെ സ്നേഹിക്കാൻ കാരണം കണ്ടെത്തുകയാണ്!

മംഗളവാർത്താകാലം മംഗളകരമായ വാർത്തകളുടെ കാലഘട്ടമാണ്. അബിയായുടെ ഗണത്തിൽപ്പെട്ട സഖറിയാ എന്ന ഒരു പുരോഹിതന്റെയും അഹറോൻെറ പുത്രിമാരിൽപ്പെട്ട എലിസബത്തിന്റെയും കഥ പറയുന്ന സുവിശേഷമാണ് മംഗളവാർത്താക്കാലത്തിലെ ആദ്യഞായറാഴ്ച്ചയുടെ പ്രമേയം. ദൈവത്തിൻെറ മുമ്പിൽ നീതിനിഷ്ഠരും കർത്താവിൻെറ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിട്ടുപോലും "ദൈവത്താൽ ശപിക്കപ്പെട്ടവർ" എന്ന് വിളി കേൾക്കാൻ വിധിക്കപ്പെട്ടവരായിരുന്നു സഖറിയായും എലിസബത്തും. കാരണം, അവർക്കു മക്കളുണ്ടായിരുന്നില്ല. ഒപ്പം, എലിസബത്ത് വന്ധ്യയും ഇരുവരും പ്രായം കവിഞ്ഞവരുമായിരുന്നു. സമൂഹം മുഴുവൻ "ദൈവത്താൽ ശപിക്കപ്പെട്ടവർ" എന്നു വിളിക്കുമ്പോഴും അവർ അഭയശിലയായി കണ്ടത് ദൈവത്തിന്റെ അൾത്താരയെ തന്നെയാണ്.

എങ്കിൽ, സഖറിയ പഠിപ്പിക്കുന്ന വലിയ ജീവിതപാഠങ്ങളിലൊന്ന്, "ജീവിതത്തിന്റെ സഹനങ്ങളിൽ, സങ്കടങ്ങളിൽ അഭയം തേടേണ്ടത് കർത്താവിന്റെ അൾത്താരയിൽ ആണെന്നാണ്!" തകർന്ന ഹൃദയവുമായി അൾത്താരയെ അഭയശിലയാക്കിയ സഖറിയ ഏലീശ്വ ദമ്പതികൾ അനുഗ്രഹങ്ങൾകൊണ്ട് സമ്പന്നനാകുന്നു.

ജീവിതത്തിന്റെ സഹനങ്ങളിൽ, സങ്കടങ്ങളിൽ, മറ്റുള്ളവർ നിന്നെ "ശപിക്കപ്പെട്ടവൻ/വൾ" എന്ന് വിളിക്കുമ്പോൾ നീ എവിടെയാണ് അഭയം തേടുന്നത്? ദൈവത്തിന്റെ അൾത്താരയിലോ, അതോ, ദൈവത്തിന്റെ അൾത്താരയെന്ന് നീ നിനയ്ക്കുന്ന മദ്യം, മയക്കുമരുന്ന്, ലഹരിവസ്തുക്കൾ, അല്ലെങ്കിൽ ഈ ലോകത്തിന്റെ നൈമഷീകമായ സുഖങ്ങൾ! ജീവിതം അനുഗ്രഹങ്ങൾക്കൊണ്ട് സമ്പന്നമാകണം എന്നു കരുതുന്നവർ അഭയം തേടേണ്ടത് കർത്താവ് അനുഗ്രഹങ്ങൾ സമ്മാനിക്കുന്ന വി.കുർബ്ബാനയിലും കുദാശയിലും ദൈവത്തിന്റെ അൾത്താരയിലുമാണ്. അങ്ങനെയുള്ളവരാരും നിരാശരായിട്ടില്ല.

സാമുവൽ പ്രവാചകന്റെ പുസ്തകത്തിൽ സാമുവൽ പ്രവാചകന്റെ ജനനത്തിന് കാരണമാകുന്ന കണ്ണുനീരോടെയുള്ള ഹന്നയുടെ പ്രാർത്ഥനയും ദൈവത്തിന്റെ അൾത്താരയുടെ മുന്നിലുള്ള തപസിരിപ്പും കുറിച്ച് വയ്ക്കുന്നുണ്ട്. എഫ്രായിം മലനാട്ടിലെ റാമാത്തയിമിൽ സൂഫ്വംശജനായ യറോഹാത്തിന്റെ മകനായിരുന്നു എല്ക്കാന. എല്ക്കാനയ്ക്കു രണ്ടു ഭാര്യമാരുണ്ടായിരുന്നു – ഹന്നായും പെനീന്നായും. പെനീന്നായ്ക്കു മക്കളുണ്ടായിരുന്നു; ഹന്നായ്ക്കാകട്ടെ മക്കളില്ലായിരുന്നു. എല്ക്കാന സൈന്യങ്ങളുടെ കർത്താവിനെ ആരാധിക്കാനും അവിടുത്തേക്കു ബലിയർപ്പിക്കാനുമായി

വർഷംതോറും തൻെറ പട്ടണത്തിൽനിന്നു ഷീലോയിലേക്കു പോകുമായിരുന്നു. ബലിയർപ്പിക്കുന്ന ദിവസം, എല്ക്കാന ഭാര്യ പെനീന്നായ്ക്കും അവളുടെ പുത്രൻമാർക്കും പുത്രിമാർക്കും ഓഹരി കൊടുത്തിരുന്നു. ഹന്നായെ കൂടുതൽ സ്നേഹിച്ചിരുന്നെങ്കിലും അവൾക്ക് ഒരംശം മാത്രമേ നൽകിയിരുന്നുള്ളു. കാരണം, കർത്താവ് അവളെ വന്ധ്യയാക്കിയിരുന്നു.

വന്ധ്യത നിമിത്തം ഹന്നയെ പെനീന്ന വളരെ വേദനിപ്പിച്ചിരുന്നു. ആണ്ടുതോറും കർത്താവിൻെറ ഭവനത്തിലേക്കു പോയിരുന്നപ്പോഴൊക്കെ അവൾ ഹന്നായെ പ്രകോപിപ്പിച്ചിരുന്നു. അതിനാൽ, ഹന്നാ കരയുകയും ഭക്ഷണം കഴിക്കാതിരിക്കുകയും ചെയുമായിരുന്നു. ഇത് കാണുന്ന ഭർത്താവായ എല്ക്കാന അവളോടു ചോദിക്കുന്നുണ്ട്;

"ഹന്നാ, എന്തിനാണ് നീ കരയുകയും ഭക്ഷിക്കാതിരിക്കുകയും ചെയ്യുന്നത്? എന്തിനു ദുഃഖിക്കുന്നു? ഞാൻ നിനക്കു പത്തു പുത്രൻമാരിലും ഉപരിയല്ലേ?"

ഇത് അവളെ ആശ്വസിപ്പിക്കാൻ പര്യാപ്തമാണെങ്കിലും, ഒരിക്കൽ, ഷീലോയിൽവച്ച് അവർ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്തതിനുശേഷം ഹന്ന എഴുന്നേറ്റ് കർത്താവിൻെറ സന്നിധിയിൽചെന്നു കർത്താവിനോടു ഹൃദയം നൊന്തു കരഞ്ഞു പ്രാർഥിച്ചു;

"സൈന്യങ്ങളുടെ കർത്താവേ, ഈ ദാസിയുടെ സങ്കടം കണ്ട് അങ്ങ് എന്നെ അനുസ്മരിക്കണമേ! അങ്ങയുടെ ദാസിയെ വിസ്മരിക്കരുതേ! എനിക്കൊരു പുത്രനെ നൽകിയാൽ അവൻെറ ജീവിതകാലം മുഴുവൻ അവനെ ഞാൻ അങ്ങേക്കു പ്രതിഷ്ഠിക്കും. അവൻെറ ശിരസ്സിൽ ക്ഷൗരക്കത്തി സ്പർശിക്കുകയില്ല."

ദൈവം ഇടപെടുന്ന കുടുംബത്തിന്റെ പ്രത്യേകത; "ദൈവത്തിൻെറ മുമ്പിൽ നീതിനിഷ്ഠരും കർത്താവിൻെറ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരും ആയിരുന്നു."

ഈ സമയം ഹന്നാ ദൈവസന്നിധിയിൽ പ്രാർഥിച്ചുകൊണ്ടിരിക്കവേ പുരോഹിതനായ ഏലി അവളെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവൾ ഹൃദയത്തിൽ സംസാരിക്കുകയായിരുന്നു; അധരം മാത്രമേ ചലിച്ചിരുന്നുള്ളൂ. ശബ്ദം പുറത്തുവന്നതുമില്ല. അതിനാൽ, അവൾ മദ്യപിച്ചിട്ടുണ്ടെന്ന് ഏലിക്കു തോന്നി. ക്രുദ്ധനായ ഏലി അവളോടു പറഞ്ഞു;

"എത്രനേരം നീ ഉൻമത്തയായിരിക്കും? നിൻെറ ലഹരി അവസാനിപ്പിക്കുക."

ഇത് കേൾക്കുന്ന ഹന്നാ പുരോഹിതനായ ഏലിയോട് പ്രതിവചിച്ചു;

"എൻെറ ഗുരോ, അങ്ങനെയല്ല, വളരെയേറെ മനോവേദന അനുഭവിക്കുന്നവളാണു ഞാൻ. വീഞ്ഞോ ലഹരിപാനീയമോ ഞാൻ കഴിച്ചിട്ടില്ല. കർത്താവിൻെറ മുമ്പിൽ എൻെറ ഹൃദയവികാരങ്ങൾ ഞാൻ പകരുകയായിരുന്നു. ഈ ദാസിയെ അധഃപതിച്ച ഒരുവളായി വിചാരിക്കരുതേ! അത്യധികമായ ആകുലതയും അസ്വസ്ഥതയും മൂലമാണ് ഞാനിതുവരെ സംസാരിച്ചത്."

അവളുടെ ഹൃദയവികാരങ്ങൾ വിവേചിച്ചറിഞ്ഞ ഏലി അവളെ അനുഗ്രഹിച്ചുക്കൊണ്ട് പറഞ്ഞു;

"സമാധാനമായി പോവുക. ഇസ്രായേലിൻെറ ദൈവം നിൻെറ പ്രാർഥന സാധിച്ചുതരട്ടെ!"

അവൾ പ്രതിവചിച്ചു; "ഈ ദാസിക്ക് അങ്ങയുടെ കൃപാകടാക്ഷമുണ്ടാകട്ടെ."

പിന്നീട്, വചനം പറയുന്നത് ഇപ്രകാരമാണ്; അനന്തരം, അവൾ പോയി ഭക്ഷണം കഴിച്ചു. പിന്നീടൊരിക്കലും അവളുടെ മുഖം മ്ലാനമായിട്ടില്ല. എല്ക്കാനയും കുടുംബവും അതിരാവിലെ എഴുന്നേറ്റ് കർത്താവിനെ ആരാധിച്ചതിനുശേഷം റാമായിലുള്ള തങ്ങളുടെ ഗൃഹത്തിലേക്കു മടങ്ങി. എല്ക്കാന ഹന്നായെ പ്രാപിക്കുകയും കർത്താവ് അവളെ അനുസ്മരിക്കുകയും ചെയ്തു. അവൾ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിച്ചു. "ഞാൻ അവനെ കർത്താവിനോടു ചോദിച്ചു വാങ്ങിയതാണ്" എന്നുപറഞ്ഞ് അവൾ അവനു "സാമുവൽ" എന്നു പേരിട്ടു (1 സാമുവൽ1 ).

സഖറിയ ഏലീശ്വ ദമ്പതികൾ ചെയ്യുന്നതും ഇത് തന്നെയാണ്. ഹന്ന തന്റെ വേദനകളിൽ, സഹനങ്ങളിൽ, സങ്കടത്തിൽ ദൈവത്തിന്റെ അൾത്താരയെ അഭയം പ്രാപിച്ചു. അത് അവൾക്ക് അനുഗ്രഹത്തിന് കാരണമായി ഭവിച്ചു. ദൈവത്തിന്റെ

അൾത്താരയിൽ നിന്ന് അനുഗ്രഹങ്ങൾ പുരോഹിതനായ ഏലിയിലൂടെ ഹന്നയുടെ ജീവിതത്തിലേയ്ക്ക പെയ്തിറങ്ങി. ഇതുപോലെതന്നെ, സഖറിയായുടെ സങ്കടങ്ങളിലും സഹനങ്ങളിലും ദൈവത്തിന്റെ അൾത്താരയെ കെട്ടിപ്പിടിച്ച് കരയുകയാണ്. ആ അഭയശിലയാകുന്ന അൾത്താരയിൽ നിന്ന് അനുഗ്രഹം സഖറിയായുടെ ജീവിതത്തിലേയ്ക്ക് പെയ്തിറങ്ങുന്നു.

സഖറിയ ഏലീശ്വാ ദമ്പതികൾക്ക് ദൈവം സമ്മാനിക്കുന്ന കുഞ്ഞിന്റെ പേര് സ്നാപകയോന്നാൻ എന്നാണ്. പ്രാർത്ഥനാനിർഭരരായി സഖറിയ ഏലീശ്വാ ദമ്പതികൾക്ക് ദൈവം നൽകുന്ന കുഞ്ഞിന്റെ പ്രത്യേകതകൾ ദൂതൻ വിവരിക്കുന്നത് ശ്രദ്ധിക്കുക;

"സഖറിയാ, നിൻെറ പ്രാർഥന കേട്ടിരിക്കുന്നു. നിൻെറ ഭാര്യ എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും. നീ അവന് യോഹന്നാൻ എന്നു പേരിടണം. നിനക്ക് ആനന്ദവും സന്തുഷ്ടിയുമുണ്ടാകും. അനേകർ അവൻെറ ജനനത്തിൽ ആഹ്ളാദിക്കുകയുംചെയ്യും. കർത്താവിന്റെ സന്നിധിയിൽ അവൻ വലിയവനായിരിക്കും. വീഞ്ഞോ മറ്റു ലഹരി പാനീയങ്ങളോ അവൻ കുടിക്കുകയില്ല. അമ്മയുടെ ഉദരത്തിൽവച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും. ഇസ്രായേൽമക്കളിൽ വളരെപ്പേരെ അവരുടെ ദൈവമായ കർത്താവിലേക്ക് അവൻ തിരികെ കൊണ്ടുവരും. പിതാക്കൻമാരുടെ ഹൃദയങ്ങളെ മക്കളിലേക്കും അനുസരണമില്ലാത്തവരെ നീതിമാൻമാരുടെ വിവേകത്തിലേക്കും തിരിച്ചുവിടാനും സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കാനും ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടും കൂടെ അവൻ കർത്താവിൻെറ മുമ്പേ പോകും..." (ലൂക്കാ 1,13-17).

ദൈവം നൽകുന്ന ശിക്ഷയെ സന്തോഷത്തോടെ സ്വീകരിക്കുന്ന സഖറിയ പഠിപ്പിക്കുന്നത് കുറവുകൾ മനസ്സിലാക്കി ജീവിക്കണമെന്നാണ്...

പ്രാർത്ഥനാനിർഭരമായ കുടുംബങ്ങളിൽനിന്ന് ദൈവനിയോഗമുള്ള കുഞ്ഞുങ്ങൾ ജനിക്കുന്നു. "കർത്താവിൻെറ സന്നിധിയിൽ അവൻ വലിയവനായിരിക്കും..." എന്ന ഒറ്റ വാക്ക്യത്തിൽനിന്ന് സ്നാപകൻ എന്ന മകന്റെ ജീവിതം എത്രമാത്രം ധന്യമാണ് എന്ന് കാച്ചികുറുക്കിയെടുക്കാൻ സാധിക്കും. ഇസ്രായേലിന്റെ പ്രവാചകനിരയിലെ ഏറ്റവും ശക്തനായ പ്രവാചകനാണ് ഏലിയ. അത്രയും ശക്തനായ ഏലിയാ പ്രവാചകന്റെ ചൈതന്യത്തോടും ശക്തിയോടും കൂടെ കർത്താവിനുമുമ്പേ പോകുന്ന പ്രവാചകനെക്കാൾ വലിയ പ്രവാചകനില്ല. ആ പ്രവാചകൻ ജനിക്കുന്നത് ദൈവത്തിന്റെ അൾത്താരയെ കെട്ടിപിടിച്ച് കരയുന്ന, പ്രാർത്ഥിക്കുന്ന സഖറിയ ഏലീശ്വാ ദമ്പതികൾക്കാണ്...

***"എല്ലാം എനിക്കു നിയമാനുസൃതമാണ്; എന്നാൽ, എല്ലാം പ്രയോജനകരമല്ല; എല്ലാം എനിക്കു നിയമാനുസൃതമാണ്; എന്നാൽ, ഒന്നും എന്നെ അടിമപ്പെടുത്താൻ ഞാൻ സമ്മതിക്കുകയില്ല."***

കോറി 6,12

---

ഫാ. ജോബി മേനോത്ത്
+91 9447777931